REPORT OF POLICE ATROCITIES ON POLITICAL WORKERS—ACTION TAKEN

40. (165) മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി ഉത്തരം പറയുമോ.—

(എ) കാരണരഹിതമായി രാഷ്ട്രീയ പ്രവർത്തകന്മാരെ, പോലീസ് സ്റ്റേഷനുകളിലേക്കു വിളിപ്പിക്കുകയും, അവിടെ താമസിപ്പിക്കുകയും, മർദ്ദിക്കുകയും മറ്റും ചെയ്യുന്നതായി വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വല്ല നടപടിയുമെടുത്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) & (ബി) ചോദ്യം ഒരു ക്ലിപ്തകാലത്തെക്കുറിച്ചല്ലാത്തതുകൊണ്ടു് ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: തിരഞ്ഞെടുപ്പുകാലത്തു് ആരെയെങ്കിലും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചതായിട്ടു് ഗവണ്മെണ്ടിനു വല്ല ആവലാതികളും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. നോട്ടീസ്സുവേണം.

HIGH COURT JUDGE—CANCELLING OF LEAVE—REASONS REGARDING

41. (160) മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി ഉത്തരം പറയുമോ.—

(എ) ഹൈക്കോടതിയിൽനിന്നും വല്ല ജഡ്ജിമാരും ഈയിടക്കു് അവധിയെടുക്കുകയുണ്ടായൊ;

(ബി) അവധിയുടെ കാലാവധി കഴിയുന്നതിനു മുമ്പെ അവധി സ്വയം റദ്ദു ചെയ്യുകയുണ്ടായൊ;

(സി) ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) & (സി) ഹൈക്കൊടതി ജഡ്ജി മിസ്റ്റർ കോഷി, മിസ്റ്റർ എസ്സു്. ഗോവിന്ദമേനോനെ ഇലക്ഷൻ കമ്മീഷനിലേക്കു നിയമിച്ചപ്പോൾ അദ്ദേഹം എടുത്തിരുന്ന അവധി ബാക്കി റദ്ദുചെയ്യുവാൻ സമ്മതിച്ചു.

മിസ്റ്റർ കെ. ഡബ്ല്യു മരളീധരമാരാർ. ഈ അവധിക്കു് സീതാറാം കരിഞ്ചന്തക്കേസ്സുമായി ബന്ധമുണ്ടെന്നു ചില ദിനപത്രങ്ങളിൽ കണ്ടതു വാസ്തവമാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. ഗവണ്മെണ്ടിനു് അറിവില്ല.

മിസ്റ്റർ ടി. എസ്സു്. ബന്ധു. മിസ്റ്റർ വി. കെ. കെ. മേനോന്റെ രാജിയെതുടന്നല്ലെ മിസ്റ്റർ കോഷി ലീവെടുത്തതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. അതെ, അതും കേസുമായി ബന്ധമുള്ളതായിട്ടു അറിവില്ല.

മിസ്റ്റർ ടി. എസ്സു്. ബന്ധു. മിസ്റ്റർ കോഷിയുടെ ലീവിനു സീതാറാം കേസ്സിനോടു ബന്ധം ഉണ്ടെന്നു പത്രങ്ങളിൽ കണ്ട വാർത്ത ശരിയാണോ?

മിസ്റ്റർ സി. എ. ഔസേപ്പു്. ആ വാർത്ത പത്രങ്ങളിൽ കണ്ടു. പക്ഷെ അതു ശരിയല്ല.

മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ. പത്രങ്ങളിൽ വാസ്തവരഹിതങ്ങളായിട്ടു വല്ല വാർത്തകളും കണ്ടാൽ അതു ശരിയല്ലെന്നു ഗവണ്മെണ്ടു് പ്രസ്സുനോട്ടു് പ്രസിദ്ധംചെയ്യാറുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഒരു ഹൈക്കോർട്ടു് ജഡ്ജിയെ സംബന്ധിച്ചു കാര്യമായതുകൊണ്ടു് അതു് പ്രസ്സുനോട്ടിനു് വിഷയമാക്കേണ്ട ആവശ്യമില്ലെന്നു വിചാരിച്ചു പ്രസ്സുനോട്ടു് പുറപ്പെടുവിച്ചില്ല എന്നു ബഹുമാനപ്പെട്ട മെമ്പർ ധരിച്ചാൽ കൊള്ളാം.

SIVASWAMI COMMITTEE REPORT—PUBLICATIDN OF

42. (269) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ശിവസ്വാമി കമ്മിറ്റി റിപ്പോർട്ടു് പ്രസിദ്ധീകരിക്കുവാൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly